**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1368** **30-08-2022 - ൽ മറുപടിയ്ക്ക്**

**പുതുക്കോട് സർവ്വജന സ്കൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തരൂർ മണ്ഡലത്തിലെ പുതുക്കോട് സർവ്വജന സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലവിലുള്ള കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (എ) | സ. ഉ. (എം.എസ്) നം.82/2021/പൊ.വി.വ തീയതി 17.02.2021 പ്രകാരം പാലക്കാട് ജില്ലയിലെ പുതുക്കോട് സർവ്വജന ഹയർസെക്കന്ററി സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിന് തത്വത്തിൽ അംഗീകരിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത നം.21720/2021-ാം നമ്പർ റിട്ട് ഹർജിയിൽ 10.08.2022-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് പ്രകാരം മേൽ സർക്കാർ ഉത്തരവിലെ തുടർ നടപടികൾ രണ്ട് മാസത്തേക്ക് സ്റ്റേ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കേസിലെ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് തയ്യാറാക്കി നൽകുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് എന്നത്തേക്ക് നൽകുവാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ